**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1552** **07-02-2023 - ൽ മറുപടിയ്ക്ക്**

**പ്രളയത്തിൽ വീട് തകർന്നതിനു നഷ്ടപരിഹാരം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ഡോ.കെ.ടി.ജലീൽ | | ശ്രീ. പിണറായി വിജയൻ<br>(മുഖ്യമന്ത്രി) | |
| (എ) | 2018-19 വർഷങ്ങളിലുണ്ടായ പ്രളയത്തിൽ വീട് തകർന്നതായി കാണിച്ച് തിരൂർ താലൂക്കിലെ പുത്തൂർ വില്ലേജിലെ ചാമപറമ്പിൽ ഷിനി എന്ന ആളിൽ നിന്നും എന്തെങ്കിലും അപേക്ഷ സർക്കാരിന് ലഭിച്ചിട്ടുണ്ടോ; | (എ) | ലഭിച്ചിട്ടുണ്ട്. |
| (ബി) | എങ്കിൽ പ്രസ്തുത അപേക്ഷയിന്മേലുള്ള നടപടികൾ ഏതുവരെയായി എന്ന് വിശദമാക്കാമോ? | (ബി) | ശ്രീമതി. ഷിനിയുടെ വീട് ഭാരതപ്പുഴയുടെ തീരത്ത് CRZ മേഖലയിലാണ്. പ്രസ്തുത വീട് 2018-19 പ്രളയങ്ങളിൽ ഉൾപ്പെട്ട വീടാണെന്നും പുഴയോട് ചേർന്ന വീടായതിനാൽ ഇനിയും അപകടസാധ്യത ഉണ്ടാവാനിടയുണ്ടെന്നും, അവിടെ വീട് വച്ച് താമസിക്കുക ദുഷ്കരമാണെന്നും റിപ്പോർട്ട് ചെയ്തിട്ടുള്ളതിന്റെ അടിസ്ഥാനത്തിൽ , 2018 ലെ പ്രളയത്തിൽ വീട് നഷ്ടപ്പെട്ടവരുടെ പട്ടികയിൽ ഉൾപ്പെടുത്തുന്ന കാര്യം പരിശോധിച്ച് റിപ്പോർട്ട് ലഭ്യമാക്കുവാൻ ലാൻഡ് റവന്യൂ കമ്മീഷണർക്ക് നിർദ്ദേശം നല്കിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ